Deivarajyam June 2015
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/6/2015
● Posted at Thodupuzha Stg.
Annual Subscription ₹ 100.00

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

EPARCHY OF KOTHAMANGALAM




വാല്യം 54
ജൂൺ 2015
ലക്കം 6



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691



രൂപതയുടെ സിഞ്ചെല്ലൂസ് ആയി നിയമിതനായ
വെരി. റവ. മോൺ. ജോർജ് കാര്യാമഠം അച്ചന്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ!



കൂമ്പൻപാറ പള്ളിയിൽ അസ്തേന്തിയായും, ഇഞ്ചത്തൊട്ടി, പൂയംകുട്ടി
കോലടി, ഉദയഗിരി, കൊച്ചുകാമാക്ഷി, തൊവരയാർ, അഞ്ചിരി, നടുക്കര,
ചെപ്പുകുളം, കോട്ടപ്പടി, പുറപ്പുഴ, പന്നിമറ്റം, മേത്തൊട്ടി, കാവക്കാട്,
ഞായപ്പിള്ളി, വാഴപ്പിള്ളി ഈസ്റ്റ് എന്നീ പള്ളികളിൽ വികാരിയായും
സ്തുത്യർഹമായ വിധം സേവനമനുഷ്ഠിച്ച് വിശ്രമജീവിതത്തിലേക്ക്
പ്രവേശിക്കുന്ന ബഹു. മാത്യു തെക്കേക്കര (Sr)
അച്ചന് കൃതജ്ഞതയും ആശംസകളും!



റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്നും
തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ
ബഹു. മാത്യു പിട്ടാപ്പിള്ളിൽ അച്ചന്
അഭിനന്ദനങ്ങളും ആശംസകളും!

ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

# ദൈവരാജ്യം

**OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM**

**Vol. LIV** **No. 6** **JUNE 2015**


Prot. No.1100/2015

**സഭാദിനം - ഇടയലേഖനം**
**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്**
**മാർ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തോമാശ്ലീഹാ ചോദിച്ചു: ''കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്ക് വരുന്നില്ല''. (യോഹ 14: 5-6). ഈശോ ശിഷ്യന്മാരെ വിട്ടു പിതാവിന്റെ പക്കലേയ്ക്ക് പോകുകയാണെന്നും അവിടെച്ചെന്നു ശിഷ്യന്മാർക്ക് സ്ഥലമൊരുക്കിയശേഷം വീണ്ടും വന്ന് അവരെയും കൂട്ടിക്കൊണ്ട് പോകുമെന്നും താൻ പോകുന്നിടത്തേയ്ക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമല്ലോ എന്നും പറഞ്ഞ പശ്ചാത്തലത്തിലാണ് തോമാശ്ലീഹായുടെ ചോദ്യവും ഈശോയുടെ മറുപടിയും.

തോമാശ്ലീഹായുടെ ശുദ്ധഗതിയിലുള്ള ചോദ്യത്തിനുത്തരമായിട്ടാണ് ഈശോ തന്നെക്കുറിച്ചുതന്നെയുള്ള സുവിശേഷത്തിലെ ഏറ്റം മനോഹരമായ ഈ വെളിപ്പെടുത്തൽ നടത്തിയത്. പിതാവായ ദൈവത്തിന്റെ പക്കലേയ്ക്ക് മക്കൾക്കുള്ള വഴി മിശിഹായാണ്. ഈ വഴിയിലാണ് മനുഷ്യമക്കൾ സത്യം കണ്ടെത്തുന്നതും ജീവൻ പ്രാപിക്കുന്നതും. ഈശോ സ്വർഗസ്ഥനായ പിതാവിൽനിന്ന് വന്നവനാണ്. അവിടുത്തെ മനുഷ്യജന്മം മനുഷ്യർക്കു ജന്മസാഫല്യം നല്കാൻ വേണ്ടിയുള്ളതായിരുന്നു. മിശിഹായാകുന്ന വഴിയിലാണ് നാം നമ്മുടെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തേണ്ടത്. ഈശോ പിതാവിന്റെ പക്കലേയ്ക്ക് പോകുന്ന വഴി ഏതാണെന്നാണ് തോമാശ്ലീഹാ ചോദിച്ചത്. ഈശോയാണ് വഴിയെങ്കിൽ അവിടുത്തെ ജീവിതം തന്നെയാണ് നമുക്കും വഴിയായിത്തീരുന്നത്.



**വഴി തേടിയവൻ**

സ്വർഗത്തിലേയ്ക്കുള്ള വഴി തേടിയവനാണ് തോമാശ്ലീഹാ. മറ്റാരോടുമല്ല തേടിയത്, തന്റെ ഗുരുവും നാഥനുമായ മിശിഹായോടുതന്നെ. വഴിയായവനോടു തന്നെ വഴി തേടിയവൻ. ക്രൈസ്തവനു ജീവിതപാത ക്രിസ്തുതന്നെയാണ്. മാമ്മോദീസായിൽ ക്രിസ്തുവിനോടുകൂടി ജനിക്കുക, ക്രിസ്തുവിനെപ്പോലെ ജീവിക്കുക, സഹിക്കുക, മരിക്കുക, ഉയിർക്കുക - ഇതാണ് ക്രൈസ്തവന്റെ ജീവിതപാത. ഈ ജീവിതശൈലിയെ ക്രിസ്തുമാർഗം എന്ന് ആദിമ ക്രൈസ്തവർ വിശേഷിപ്പിച്ചതായി അപ്പസ്തോലന്മാരുടെ ഗ്രന്ഥത്തിൽ നാം കാണുന്നു. (അപ്പ. 9:2). തോമാശ്ലീഹാ പഠിപ്പിച്ച ഈ മാർഗത്തെ ഭാരതത്തിലെ ആദിമ ക്രൈസ്തവർ തോമ്മാമാർഗം എന്ന് വിശേഷിപ്പിച്ചു. ഈ തോമ്മാമാർഗം സ്വീകരിച്ചവരാണ് നമ്മുടെ പൂർവ്വികരായ മാർത്തോമാക്രിസ്ത്യാനികൾ.

**വഴിയേ നടന്നവൻ**

മിശിഹായാണ് വഴിയെന്ന് തിരിച്ചറിഞ്ഞ തോമാശ്ലീഹാ ആ വഴിയേ നടന്നു. മിശിഹാനുഭവം തന്റെ അനുഭവമായി സ്വീകരിച്ചു. 'എനിക്ക് ജീവിതം ക്രിസ്തുവാണെന്ന് ' വി. പൗലോസ് ശ്ലീഹായും പറയുന്നുണ്ടല്ലോ (ഫിലി. 1 :21). ഈശോ ശിഷ്യന്മാരെ ഗലീലിയിലെ ശുശ്രൂഷയ്ക്കായി അയയ്ക്കുമ്പോൾ അവർക്കുണ്ടാകാവുന്ന പീഡകളെക്കുറിച്ച് പറയുന്നുണ്ട്. ശിഷ്യന്മാരുടെ പീഡകൾ ഗുരുവിന്റെ പീഡകൾക്ക് സമാനമാണെന്നും അവിടുന്ന് പറഞ്ഞു. ''ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല. ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല. ശിഷ്യൻ ഗുരുവിനെപ്പോലെയും ഭൃത്യൻ യജമാനനെപ്പോലെയും ആയാൽ മതി''( മത്താ 10: 24 - 25.). ഈശോ യൂദയായിൽ ലാസറിന്റെ ഗ്രാമമായ ബഥാനിയായിലേയ്ക്കു പോകാൻ ആഗ്രഹിച്ചപ്പോൾ ശിഷ്യന്മാർ തടസപ്പെടുത്തിക്കൊണ്ട് പറഞ്ഞു, യഹൂദർ അവിടുത്തെ കല്ലെറിയാൻ കാത്തിരിക്കുകയാണ് എന്ന്. അപ്പോൾ തോമാശ്ലീഹാ സഹശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ ശിഷ്യത്വത്തിന്റെ ആഴം വ്യക്തമാക്കുന്നവയാണ്. തോമസ് പറഞ്ഞു, '' അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം'' (യോഹ 11: 16). താൻ പ്രസംഗിച്ച ക്രിസ്തുമാർഗം മനസ്സിലാക്കാത്ത എതിരാളികൾ

മൈലാപ്പൂരിലെ ചിന്നമലയിൽ തന്നെ കുന്തത്താൽ കുത്തി മരണപ്പെടുത്തിയപ്പോൾ തോമാശ്ലീഹായുടെ ആ ആഗ്രഹം പൂർത്തീകരിക്കപ്പെട്ടു. ചിന്നമല തോമാശ്ലീഹായ്ക്കു കാൽവരിയായി. മിശിഹായോടൊപ്പം തോമസും മരിച്ചു. അതായിരുന്നു തോമാശ്ലീഹായുടെ ജീവിതപാതയിൽ മിശിഹാ അനുഭവത്തിന്റെ പൂർത്തീകരണം. അപ്പോഴും ശ്ലീഹാ ഉദീരണം ചെയ്തിട്ടുണ്ടാവണം: "എന്റെ കർത്താവേ, എന്റെ ദൈവമേ!" എന്ന്. ഉയിർത്തെഴുന്നേറ്റ മിശിഹായെ ദർശിച്ചപ്പോൾ തോമാശ്ലീഹാ പറഞ്ഞ ഈ വാക്കുകളാണ് സുവിശേഷത്തിൽ നാം കാണുന്ന ഏറ്റവും പ്രധാനപ്പെട്ട വിശ്വാസപ്രഖ്യാപനമെന്ന് 'നസ്രത്തിലെ ഈശോ' എന്ന ഗ്രന്ഥത്തിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പ പറയുന്നു.

**വഴിയേ നടക്കേണ്ടവർ**

ക്രിസ്തുമാർഗം സ്വീകരിച്ചവർ ക്രിസ്തുപാതയിൽ നടക്കണം. നമുക്ക് മാർഗഭ്രംശം സംഭവിക്കുമ്പോൾ നമ്മുടെ വിശ്വാസ്യതയ്ക്കു നഷ്ടം സംഭവിക്കുന്നു. മദ്യപാനം, ധൂർത്ത്, ആഡംബരഭ്രമം മുതലായ തിന്മകൾ ക്രൈസ്തവരുടെ ഇടയിൽ നിലനില്ക്കുന്നുവെന്ന വിമർശനം കേൾക്കാറുണ്ട്. വിമർശനങ്ങളെ അസഹിഷ്ണുതയോടെ കണ്ടിട്ടു കാര്യമില്ല. ക്രിസ്തുവിൽ വിശ്വസിച്ചു ജീവിതം നയിക്കുന്നവരിൽ നിന്ന് അവിടുത്തെ ജീവിതശൈലിക്ക് യോജിച്ച ഒരു ജീവിതം മററുള്ളവർ പ്രതീക്ഷിക്കുന്നു. ക്രൈസ്തവരും ക്രൈസ്തവ സഭകളും വിമർശിക്കപ്പെടുന്നതിന്റെ കാരണവും പലപ്പോഴും അതുതന്നെയാണ്. ശത്രുവിനെ വരെ സ്നേഹിക്കണമെന്ന് പഠിപ്പിക്കുകയും ആ സ്നേഹം സ്വന്തം ജീവിതംവഴി സാക്ഷ്യപ്പെടുത്തുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതപാത എത്രയോ ഉന്നതമാണ്. അത്രയ്ക്ക് ഉന്നതമായ ഒരു ജീവിതശൈലി ക്രൈസ്തവർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ക്രൈസ്തവരുടെയിടയിലെ തിന്മകളുടെ പേരിൽ ക്രൈസ്തവർ വ്യക്തികളായും സമൂഹങ്ങളായും ചെയ്യുന്ന അനേകം നന്മകൾ വിസ്മരിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷവും ഇന്നുണ്ട്. ഭാരതത്തിലെ വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂഷാരംഗത്തും ക്രൈസ്തവർ നല്കിയ സംഭാവനകൾ ആർക്കുനിഷേധിക്കാൻ കഴിയും? കാരുണ്യപ്രവർത്തനങ്ങളിലും ക്രൈസ്തവസഭകൾ മുൻപന്തിയിലാണല്ലോ. ക്രൈസ്തവരുടെ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൂടിയല്ലേ മറ്റനേകം സമൂഹങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും ഈ രംഗത്ത് വലിയ സംഭാവനകൾ നല്കി പ്രവർത്തിക്കുന്നത്. ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളിലും ക്രൈസ്തവർ ഏറെ വ്യാപൃതരാണ്. ഇത്തരം നന്മ പ്രവൃത്തികളോടൊപ്പം നമ്മുടെ ഇടയിൽ വ്യാപിക്കുന്ന തിന്മകളെ ദൂരീകരിച്ചുകൊണ്ട് നമ്മുടെ ജീവിതസാക്ഷ്യത്തെ ക്രിസ്തു സദൃശമാക്കാൻ നമുക്കു പരിശ്രമിക്കാം.



വൈദികരും സമർപ്പിതരും അല്മായരും ഒത്തൊരുമിച്ച് സഭാനവീകരണത്തിനായി ശ്രമിക്കേണ്ടിയിരിക്കുന്നു. സമർപ്പിതവർഷാചരണവും കുടുംബത്തെക്കുറിച്ചുള്ള സിനഡുകളും തന്നെ സഭയുടെ പൊതുവായ നവീകരണത്തെ ലക്ഷ്യം വച്ചുള്ളതാണല്ലോ. കത്തോലിക്കാ കോൺഗ്രസ്സ്, യൂത്ത് മൂവ്മെന്റ്, മാതൃവേദി മുതലായ അത്മായ പ്രസ്ഥാനങ്ങളുടെ നവോത്ഥാനത്തിലൂടെയും സഭാനവീകരണം കാര്യക്ഷമമായി നടക്കുമെന്ന് പ്രതീക്ഷിക്കാം.

മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വം അനുസ്മരിക്കുന്ന ഈ ദുക്റാനാത്തിരുനാളിൽ വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ച എല്ലാ ക്രൈസ്തവരെയും, വിശിഷ്യ ഇറാക്ക്, സിറിയ എന്നീ രാജ്യങ്ങളിൽ അടുത്തകാലത്ത് കൊലചെയ്യപ്പെട്ടവരെയും, ഭാരതത്തിലെ സി. റാണി മരിയായെപ്പോലുള്ളവരെയും അനുസ്മരിച്ച് വിശ്വാസത്തിൽ നമുക്ക് ആഴപ്പെടാം.

വിവിധ മതവിശ്വാസികൾ വസിക്കുന്ന നാടാണ് നമ്മുടെ ഭാരതം. എല്ലാ മതങ്ങളിലെയും നന്മകളെ അംഗീകരിക്കാനും ആദരിക്കാനും അങ്ങനെ പരസ്പര ബഹുമാനത്തോടെ ജീവിക്കാനും നമുക്കു സാധിക്കണം. മാർഗവും സത്യവും ജീവനുമായ മിശിഹായെ പ്രഘോഷണം ചെയ്യുന്ന തിരുസ്സഭ ഇതര മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും തിരസ്ക്കരിക്കുന്നില്ല. "മറ്റുമതങ്ങളിലെ പ്രവർത്തനരീതികളും, ജീവിതമുറകളും, പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവ്വമനുഷ്യരേയും പ്രകാശിപ്പിക്കുന്ന 'ആ സത്യ'ത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്" (അക്രൈസ്തവമതങ്ങൾ നമ്പർ 2).

നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന സഭാദിനാചരണം ജൂലൈ 3-ന് സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവകകളിലും പ്രവാസിസമൂഹങ്ങളിലും സഭാദിനം ആഘോഷിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാവനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

പ്രവാസികളായ സീറോ മലബാർ കത്തോലിക്കർക്ക് ഇനിയും പലസ്ഥലങ്ങളിലും അർഹമായ സഭാസംവിധാനങ്ങളോ, സ്വന്തം സഭാപാരമ്പര്യങ്ങൾക്കനുസൃതമായ അജപാലനശുശ്രൂഷയ്ക്കുള്ള

ക്രമീകരണങ്ങൾ പോലുമോ ലഭ്യമായിട്ടില്ല. പരി. സിംഹാസനം അത്തരം സംവിധാനങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തിത്തരാൻ തയ്യാറാണെങ്കിലും തടസ്സങ്ങൾ ഏറെയുണ്ട്. അവ തരണം ചെയ്യാനുള്ള ശ്രമങ്ങൾ നീണ്ടു പോകുന്നതുകൊണ്ട് നമ്മുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇന്ത്യയിലെ 29 സീറോ മലബാർ രൂപതകൾക്കുപുറത്ത് പ്രവാസികളായി കഴിയുന്ന സീറോ മലബാർ വിശ്വാസികൾ തങ്ങൾക്ക് സ്വന്തമായി സഭാസംവിധാനങ്ങൾ ലഭിക്കുന്നതിനുവേണ്ടി ജൂലൈ 2-ാം തീയതി ഉപവാസ പ്രാർത്ഥനാദിനം ആചരിക്കുകയാണ്. സഭാമക്കൾ എല്ലാവരും ഈ പ്രാത്ഥനായജ്ഞത്തിൽ അവരോട് പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങൾക്കേവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ടും വി. തോമാശ്ലീഹായുടെ മാധ്യസ്ഥ്യം വഴി ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

**സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് മെയ് മാസം 23-ാം തീയതി നല്കപ്പെട്ടത്.

---

N.B : ഈ ഇടയലേഖനം 2015 ജൂലൈ 3-ാം തീയതിക്ക് മുൻപത്തെ ഞായറാഴ്ച (ജൂൺ 28-നു) കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

## രൂപതക്കച്ചേരി

*C. 50 /2015* **പരിശുദ്ധ മാതാവിന്റെ വിമലഹൃദയത്തിരുനാൾ**

ജൂൺ 13-ാം തീയതി ശനിയാഴ്ച പരിശുദ്ധ മാതാവിന്റെ വിമലഹൃദയത്തിരുനാൾ ആണല്ലോ. പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന നമ്മുടെ രൂപതയെ സംബന്ധിച്ച് ഈ ദിവസം സുപ്രധാനമാണ്. നമ്മുടെ എല്ലാ ഇടവകകളെയും സ്ഥാപനങ്ങളെയും അവിടെയുള്ള വൈദികർ, സന്യസ്തർ, അല്മായർ എന്നിവരെയും പരിശുദ്ധ അമ്മയുടെ സംരക്ഷണയ്ക്ക് ഭരമേല്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. *Bishop*

*C. 51/2015* **വി. പത്രോസിന്റെ കാശു പിരിവ്**

മുൻകൂട്ടി അറിയിച്ച് ജൂൺ 28-ാം തീയതി ഞായറാഴ്ച എല്ലാ



പള്ളികളിലും വി. പത്രോസിന്റെ കാശുപിരിവ് നടത്തുകയും കിട്ടുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. *Bishop*

*C. 52 /2015* **പ്രോട്ടോസിഞ്ചെല്ലൂസ്, സിഞ്ചെല്ലൂസ്**

രൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് ആയി പെ. ബഹു. മോൺ. ജോർജ് ഓലിയപ്പുറം അച്ചനെയും സിഞ്ചെല്ലൂസ് ആയി പെ. ബഹു. മോൺ. ജോർജ് കാര്യാമഠം അച്ചനെയും നിയമിച്ചിരിക്കുന്നു. രണ്ടു പേർക്കും പ്രത്യേകം ആശംസകൾ നേരുന്നു. ഇവരുടെ പ്രത്യേക ചുമതലകൾ താഴെ ചേർക്കുന്നു.

**പ്രോട്ടോസിഞ്ചെല്ലൂസ്:**

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, സന്യാസഭവനങ്ങൾ, സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ തുടങ്ങിയവയെ സംബന്ധിച്ചുള്ള കാര്യങ്ങൾ.

**സിഞ്ചെല്ലൂസ്:**

ഇടവകകൾ, വൈദികർ, സെമിനാരിക്കാർ, വിശ്വാസപരിശീലനം, സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഭക്തസംഘടനകൾ എന്നിവയെ സംബന്ധിച്ച കാര്യങ്ങൾ. *Bishop*

*C. 53/2015* **കൃതജ്ഞത**

രൂപതാകേന്ദ്രത്തിലെ വിവിധ ഓഫീസുകളിൽ സേവനമനുഷ്ഠിച്ചശേഷം സ്ഥലം മാറി പോകുന്ന പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. പെ. ബഹു. ഫ്രാൻസീസ് ആലപ്പാട്ട് അച്ചനും, രൂപതാ പ്രൊക്കുറേറ്റർ പെ. ബഹു. മാത്യൂസ് മാളിയേക്കൽ അച്ചനും, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി സെക്രട്ടറി പെ. ബഹു. കുര്യാക്കോസ് കൊടകല്ലിൽ അച്ചനും, സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ബഹു. പോൾ ചൂരത്തൊട്ടി അച്ചനും, വൈസ് ചാൻസലറും ബിഷപ്പിന്റെ സെക്രട്ടറിയുമായിരുന്ന ബഹു. കുളത്തൂർ ജോസച്ചനും, മൈനർ സെമിനാരി വൈസ് റെക്ടർ ബഹു. ജോസഫ് കല്ലറയ്ക്കൽ അച്ചനും, ഒപ്പം രൂപതയിലെ വിവിധ ഇടവകകളിൽ വികാരിമാരായും അസി. വികാരിമാരായും വിവിധ സ്ഥാപനങ്ങളിലും സംഘടനകളിലും ഡയറക്ടർമാരായും അസി. ഡയറക്ടർമാരായും ശുശ്രൂഷചെയ്തവർക്കും പ്രത്യേകം നന്ദി പറയുകയും പുതിയ ശുശ്രൂഷാമേഖലകളിൽ ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. *Bishop*

*C. 54/2015* **കൃതജ്ഞത, ആശംസകൾ**

കോതമംഗലം രൂപതയിലെ കല്ലാനിക്കൽ, കല്ലൂർക്കാട്, മാലിപ്പാറ, ഉടുമ്പന്നൂർ എന്നീ ഇടവകകളിൽ കൊച്ചച്ചന്മാരായി സ്തുത്യർഹമായ സേവനം ചെയ്തശേഷം മറ്റ് ശുശ്രൂഷാ മണ്ഡലങ്ങളിലേക്കു പോകുന്ന സന്യാസവൈദികരായ ഫാ. പോൾ തട്ടുപറമ്പിൽ (Secular

Institute of Kolping Fathers), ഫാ. അഭിലാഷ് പതിപ്പള്ളിൽ CMI, ഫാ. ജോൺ വടക്കേടത്ത് CMI, ഫാ. മാത്യു കിഴക്കേൽ CMI എന്നീ വൈദികർക്ക് പ്രത്യേകം നന്ദി പറയുന്നു. തുടർന്നുള്ള അവരുടെ ശുശ്രൂഷാ മേഖലകളിൽ ദൈവാനുഗ്രഹം നേരുന്നു.

*Bishop*

## *C. 55/2015* Appointment and Transfer List

| Name of Rev. Fathers | | Appointment |
|---|---|---|
| Alappatt Mgr. Francis | : | Mailacombu |
| Anikottil John | : | Thazhuvamkunnu |
| Areekatt Mathew | : | Neendapara |
| Ariappillil Emmanuel | : | Njarakkad |
| Athickal Joseph | : | Vice Rector, Minor Seminary |
| Avarapatt Paul | : | Asst. Parish Priest, Muvattupuzha Holy Magi |
| Chandrankunnel Mathew | : | Director MCA |
| Chemparathy George | : | Warden, Nirmala HSS |
| Choorathotty Paul | : | Principal, Nirmala HSS |
| Elanjedath John | : | Perumballoor |
| Inchaplackal Paul | : | Pastoral Care of Syro-Malabar Faithful in the South Zone of the Archdiocese of Goa and Daman |
| Kachiramattam Kuriakose | : | Randar |
| Kadavan John | : | Pannimattam |
| Kalapurackal Jose | : | Perumpallichira |
| Kalariparambil Thomas | : | Thrikariyoor |
| Kallarackal Joseph | : | Director, Mission League, KCSL, Holy Childhood, Marian Sodality |
| Kandathil Joseph | : | Nadukara |
| Kanimattathil Sebastian | : | Asst. Director, NESTT (additional charge) |
| Kannamkulam Thomas | : | Asst. Parish Priest, Kaliyar |
| Kariamadam George | : | Syncellus |
| Kizhakedath Mathew | : | Asst. Parish Priest, Arakuzha |
| Kizhakel Jose | : | Ambikapuram |
| Kochumundanmalayil Mathew | : | Higher Studies, Rome |
| Kochumuttam John | : | Meenkunnam |
| Kochuparambil George | : | Asst. Parish Priest, Cathedral |
| Kochuparambil Joseph (Jr.) | : | Asst. Parish Priest, Nediakad |
| Kochupurackal Mathew (Jr.) | : | Asst. Parish Priest, Muthalakodam |
| Kodakallil Kuriakose | : | Vazhakulam |
| Kodamullil Cyriac | : | Asst. Parish Priest, Muthalakodam |



| | | |
|---|---|---|
| Koickakudy Joseph Cherian | : | Neyyassery |
| Koithanath Joseph | : | Kottappady |
| Konickal Mathew | : | Kaliyar |
| Kottarathil Thomas | : | Warden, Viswajyothy, Vazhakulam; Vice Principal, Nirmala Public School, Muvattupuzha |
| Kulathoor Jose | : | Higher Studies, Rome |
| Kunnamkulathil Emmanuel | : | Higher Studies, Bangalore |
| Kunnappilly Augustine | : | Marady |
| Kunnel Stanislaus | : | Secretary, Corporate Educational Agency, Kothamangalam |
| Kuzhikanniyil Joseph | : | Kalloorkad |
| Kuzhinjalil Thomas | : | Karimannoor |
| Madathiparambil Francis | : | Asst. Parish Priest, Paingottoor |
| Makolil Joseph | : | Vandamattam |
| Malieckal Mathews | : | Cathedral |
| Maliyeckal Antony | : | Asst. Parish Priest, Kalloorkad |
| Mandapathil Varkey | : | Peringassery, Uppukunnu |
| Marappillil George | : | Asst. Parish Priest, Thodupuzha |
| Mattappillil John | : | Kadavoor |
| Monippilly Jose | : | Ayavana |
| Moolasseril Nicholas | : | Kuttampuzha |
| Moorkattil Jose | : | Associate Director KSSS, Asst. Director Jeeva |
| Mundackal John | : | Eparchial Finance Officer |
| Mundackal Joseph (Jr.) | : | Secretary to Bishop |
| Mundackal Mathew M. | : | Principal in-charge, Nirmala Public School, Muvattupuzha |
| Mundolickal James | : | Asst. Parish Priest, Nakapuzha |
| Muringamattam John | : | Spiritual Director, Mangalapuzha Seminary |
| Muttathuvalayil Joseph | : | Higher Studies, Pondicherry |
| Nandalath Mathews | : | Purapuzha |
| Nedumpurath Paul | : | Muvattupuzha |
| Nellikunnel Joseph | : | Kavakkad |
| Niravathinal Abraham | : | Asst. Parish Priest, Kalayanthany |
| Njaloor Cyriac | : | Anchiri |
| Oliapuram Mgr. George | : | Protosyncellus |
| Padinjarekutt Augustine | : | Asst. Parish Priest, Karimannoor |
| Periapuram Thomas | : | Thodupuzha East |
| Pichappillil John | : | Vazhappilly East |

| | | |
|---|---|---|
| Pittappillil Mathew | : | Vadavathoor Seminary |
| Pothanamuzhi Thomas | : | Velielchal |
| Pulickal Joseph (Jr) | : | Asst. Parish Priest, Marika |
| Pulickal Joseph (Sr.) | : | Principal, St. Mary's Public School, Nakapuzha |
| Pulloppillil Jose | : | Thodupuzha |
| Thalappillil Jacob | : | Director KSSS and Jeevodaya Milk Project |
| Thekkekara Mathew (Sr.) | : | Retires |
| Thevarpadam Mathews | : | Higher Studies, Bangalore |
| Thozhalay Mathew | : | Notary of the Eparchial Curia, Director Internet Mission, Vicar in Charge Pazhampillichal |
| Vadakel George | : | Paingottoor |
| Vandanakkara George | : | Pastoral Service in the Diocese of Jalandhar |
| Vararappillil James | : | Marika |
| Vengooran Jose | : | Nellimattam |

Bishop

*C. 56/2015* **Presbyterium**

A plenary meeting of the Priests of the Diocese of Kothamangalam will be held on **Tuesday, 23 June 2015 from 10.00 am to 04.00 pm** at NESTT, Muvattupuza. All are expected to participate without fail.

Bishop

*C. 57/2015* **ജൂൺ 24 – സമർപ്പിതരുടെ മീറ്റിംഗ്**

എപ്പാർക്കിയൽ അസംബ്ലിയോടനുബന്ധിച്ച് നടത്തിയ സർവ്വേയുടെ ഫലം ചർച്ചചെയ്ത് എപ്പാർക്കിയൽ അസംബ്ലിയുടെ അജണ്ട തീരുമാനിക്കുന്നതിനായി രൂപതയിലെ എല്ലാ കോൺഗ്രിഗേഷനുകളിൽ നിന്നുമുള്ള സിസ്റ്റേഴ്സിന്റെ പ്രതിനിധികളുടെ ഒരു മീറ്റിംഗ് 2015 ജൂൺ 24-ാം തീയതി രാവിലെ 10 മുതൽ വൈകിട്ട് 4 വരെ NESTT-ൽ കൂടുവാൻ ആഗ്രഹിക്കുന്നു. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ സുപ്പീരിയേഴ്സിനെ കത്തുമുഖേന അറിയിക്കുന്നതാണ്.

Bishop

*C. 58/2015* **അല്മായ പ്രതിനിധികളുടെ മീറ്റിംഗ്**

എപ്പാർക്കിയൽ അസംബ്ലിയോടനുബന്ധിച്ച് നടത്തിയ സർവ്വേയുടെ ഫലം ചർച്ചചെയ്ത് എപ്പാർക്കിയൽ അസംബ്ലിയുടെ അജണ്ട തീരുമാനിക്കുന്നതിനായി രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള അല്മായ പ്രതിനിധികളുടെ ഒരു മീറ്റിംഗ് 2015 ജൂൺ 25-ാം തീയതി രാവിലെ 10 മുതൽ വൈകിട്ട് 4 വരെ NESTT-ൽ കൂടുവാൻ ആഗ്രഹിക്കുന്നു. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ബഹു. വികാരിയച്ചന്മാരെ കത്തുമുഖേന അറിയിക്കുന്നതാണ്.

Bishop



*C. 59 /2015* **Monthly Recollection for Priests**

***Topic for discussion in June***

Read in common Nos. 422 - 429 of the Catechism of the Catholic Church.

*Syncellus*

*C. 60/2015* **No Objection Certificate**

സന്യാസത്തിലേക്കും പൗരോഹിത്യത്തിലേക്കും ദൈവവിളി സ്വീകരിച്ച് നമ്മുടെ രൂപതയിൽനിന്നും മറ്റ് രൂപതകളിലോ രൂപതയ്ക്ക് പുറത്തുള്ള സന്യാസസമൂഹങ്ങളിലോ ചേരുന്നവർ 'No Objection Certificate -നായി രൂപതാകേന്ദ്രത്തിൽ വരുമ്പോൾ ബഹു. വികാരിയച്ചന്മാരുടെ കത്തുമായി വരണം എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ബഹു. വികാരിയുടെ അറിവോടെയാണ് ഇവർ വന്നിരിക്കുന്നത് എന്ന ഉറപ്പിനുവേണ്ടിയാണിത്.

*Syncellus*

*C. 61/2015* **Young Priests' Seminar**

Annual seminar for the young priests of the Eparchy ordained after 31-01-2009 will be conducted on August 11, 12, 2015 at NESTT Muvattupuzha. The seminar begins at 9.30 am on Tuesday and comes to an end by 4.30 pm on Wednesday. All are expected to participate without fail.

*Syncellus*

*C 62/2015* **ദൈവവിളി ദിനാചരണം**

സമർപ്പിതവർഷം പ്രമാണിച്ച് ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജൂൺ മാസം മുതൽ ഫെബ്രുവരി മാസം വരെയുള്ള ഞായറാഴ്ചകളിൽ വിവിധ ഇടവകകളിലായി ദൈവവിളി ദിനം ആചരിക്കുകയാണ്. ഓരോ ആഴ്ചയിലും മൂന്നോ നാലോ ഇടവകകളിൽ ഈ ദിനാചരണം നടത്തും. ഇടവകയിൽ വന്ന് കുട്ടികളെ കാണുവാൻ ആഗ്രഹിക്കുന്ന വൊക്കേഷൻ പ്രൊമോട്ടേഴ്സിന് അതിന് അവസരം ലഭിക്കുന്നതാണ്. വരുന്ന ആരെങ്കിലും ക്ലാസ്സെടുക്കുവാൻ തയ്യാറാകുന്നുവെങ്കിൽ പൊതുവായ ഒരു ക്ലാസ് ക്രമീകരിക്കാവുന്നതാണ്.

വൊക്കേഷൻ പ്രൊമോട്ടേഴ്സ് ബഹു. വികാരിയച്ചന്മാരെ കോൺടാക്റ്റ് ചെയ്താൽ മതിയാകും. ഓരോ ഇടവകയിലും ഈ ദിനാചരണം നടത്തേണ്ട ദിവസം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| കത്തീഡ്രൽ, ആലക്കോട്, അംബികാപുരം | ജൂൺ | 07 |
| അഞ്ചിരി, ആനിക്കാട്, ആരക്കുഴ | " | 14 |
| അരിക്കുഴ, ആയവന, ബെത്ലേഹം | " | 21 |

| | | |
|---|---|---|
| ചാലാശ്ശേരി, ചീനിക്കുഴി, ചെപ്പുകുളം | ജൂൺ | 28 |
| ചിലവ്, ചിറ്റൂർ, ഏനാനല്ലൂർ | ജൂലൈ | 05 |
| ഏഴല്ലൂർ, ഇഞ്ചത്തൊട്ടി, ഇഞ്ചൂർ | ” | 12 |
| കദളിക്കാട്, കടവൂർ, കലയന്താനി | ” | 19 |
| കാളിയാർ, കല്ലാനിക്കൽ, കല്ലൂർക്കാട് | ” | 26 |
| കലൂർ, കാരക്കുന്നം, കരിമണ്ണൂർ, കൈതപ്പാറ | ആഗസ്റ്റ് | 02 |
| കാവക്കാട്, കീരംപാറ, കോടിക്കുളം, കൊടുവേലി | ” | 09 |
| കോലടി, കോട്ടപ്പടി, കുളപ്പുറം, കുണിഞ്ഞി | ” | 16 |
| കുറുപ്പംപടി, കുത്തുങ്കൽ, കുട്ടമ്പുഴ, മൈലക്കൊമ്പ് | ” | 23 |
| മലയിഞ്ചി, മാലിപ്പാറ, മാമലക്കണ്ടം, പഴമ്പിള്ളിച്ചാൽ | ” | 30 |
| മാറാടി, മാറിക, മാതിരപ്പിള്ളി, മീങ്കുന്നം | സെപ്റ്റംബർ | 06 |
| മേക്കടമ്പ്, മേത്തൊട്ടി, മുടവൂർ, മുളപ്പുറം | ” | 13 |
| മുള്ളരിങ്ങാട്, മുണ്ടൻമുടി, മുതലക്കോടം, മുട്ടത്തുപാറ | ” | 20 |
| മൂവാറ്റുപുഴ, മൂവാറ്റുപുഴ ഈസ്റ്റ്, നാടുകാണി, നടുക്കര | ഒക്ടോബർ | 04 |
| നാകപ്പുഴ, നെടിയകാട്, നെടിയശാല, നെടുങ്കപ്ര | ” | 25 |
| നീണ്ടപാറ, നെല്ലിക്കുഴി, നെല്ലിമറ്റം, നേര്യമംഗലം | നവംബർ | 01 |
| നെയ്യശ്ശേരി, ഞാറക്കാട്, ഞായപ്പിള്ളി, ഊന്നുകൽ | ” | 08 |
| പൈങ്ങോട്ടൂർ, പള്ളിക്കാമുറി, പന്നിമറ്റം, പാറപ്പുഴ | ” | 15 |
| പരീക്കണ്ണി, പെരിങ്ങാശ്ശേരി, ഉപ്പുകുന്ന്, പെരിങ്ങുഴ | ” | 22 |
| പെരുമണ്ണൂർ, പെരുമ്പിള്ളിച്ചിറ, പെരുമ്പല്ലൂർ, പൊന്നന്താനം | ” | |
| പൂയംകുട്ടി, പോത്താനിക്കാട്, പുലിയൻപാറ, പുന്നമറ്റം | ഡിസംബർ | 06 |
| പുറപ്പുഴ, രാജഗിരി, രണ്ടാർ, തലയനാട് | ” | 13 |
| തട്ടക്കുഴ, തഴുവംകുന്ന്, തെന്നത്തൂർ, തൊടുപുഴ | ” | 20 |
| തൊടുപുഴ ഈസ്റ്റ്, തൊമ്മൻകുത്ത്, തോട്ടക്കര, തൃക്കാരിയൂർ | ജനുവരി | 03 |
| ഉടുമ്പന്നൂർ, ഉരുളൻതണ്ണി, വടകോട്, വടാട്ടുപാറ | ” | 10 |
| വണ്ടമറ്റം, വണ്ണപ്പുറം, വാഴക്കാല, വാഴക്കുളം | ” | 17 |
| വാഴപ്പിള്ളി ഈസ്റ്റ്, വെളിയേൽച്ചാൽ | ” | 24 |
| വേട്ടാംപാറ, വെട്ടിമറ്റം | ” | 31 |

*Syncellus*

### *C. 63/2015* **കല്ലറകൾ**

രൂപതയിൽനിന്നും രേഖാമൂലം അനുവാദം വാങ്ങാതെ കുടുംബക്കല്ലറ വാങ്ങിയിട്ടുള്ളവർ പിന്നീട് അനുവാദത്തിനായി അപേക്ഷിക്കുമ്പോൾ കല്ലറ വാങ്ങിയ തീയതിയോ, ആരെയെങ്കിലും അടക്കം ചെയ്തിട്ടുണ്ടെങ്കിൽ ആ വർഷമോ അപേക്ഷയിൽ കാണിക്കേണ്ടതാണ്. കല്ലറ വാങ്ങിയവർക്ക് മൂന്നുതലമുറകൾവരെയോ, 90 വർഷംവരെയോ (അതിലേതാണോ അവസാനം സംഭവിക്കുന്നത്) മാത്രമാണ് കല്ലറയ്ക്ക് അവകാശമുള്ളത്. അതിനുശേഷം കല്ലറയ്ക്ക് അന്ന് നിലവിലിരിക്കുന്ന തുക നല്കി അത് പുതുക്കുന്നില്ലയെങ്കിൽ കല്ലറയുടെ അവകാശം ഇടവകയ്ക്കായിരിക്കും. ആദ്യം അടക്കം ചെയ്തവർഷം അനുവാദ കല്പനയിൽ രേഖപ്പെടുത്തുകയാണെങ്കിൽ 90 വർഷം കണക്കു കൂട്ടുന്നതിന് പിന്നീട് സഹായകരമാകുമല്ലോ.



*Chancellor*

### *C. 64/2015* **Year Plan for Various Activities in the Diocese**

**ജൂൺ 2015**

| | | |
|---|---|---|
| 3–5 | – | Family Apostolate (FAP) -Pre-Marriage Course |
| 9 | – | Presbyteral Council |
| | | Mathrudeepthi (MD) – രൂപതാഎക്സിക്യൂട്ടീവ് |
| 13 | – | FAP – മദ്ധ്യസ്ഥ പ്രാർത്ഥനാദിനം |
| 13 | – | Catechism (CAT) – വാർഷിക കൺവെൻഷൻ |
| 13 | – | KCSL – രൂപതാകൗൺസിൽ വാർഷികം NESTT |
| 13 | – | MD – മാതൃദീപ്തി സെമിനാർ NESTT |
| 17–19 | – | FAP-Pre-Marriage Course |
| 21 | – | KCYM- YOUCAT യൂണിറ്റ്തലമത്സരങ്ങൾ |
| ’’ | – | CML – മേഖലാ കൗൺസിൽ മേഖലാ കേന്ദ്രങ്ങളിൽ |
| 23 | – | Presbyterium NESTT |
| 23 | – | KCYM വി. തോമസ് മൂർ ദിനാചരണം |
| | | (വി. തോമസ് മൂറിന്റെ ഫോട്ടോ എല്ലാ യൂണിറ്റുകളിലും നൽകുന്നു) |
| 24 | – | സിസ്റ്റേഴ്സിന്റെ മീറ്റിംഗ് NESTT |
| 25 | – | അല്മായ പ്രതിനിധികളുടെ മീറ്റിംഗ് NESTT |
| 28 | – | CML – മേഖലാ കൗൺസിൽ മേഖലാ കേന്ദ്രങ്ങളിൽ |

**ജൂലൈ 2015**

| | | |
|---|---|---|
| 1–3 | – | FAP-Pre-Marriage Course |
| 5 | – | KCYM – യുവജനദിനം |
| 10 | – | CML – രൂപതാമാനേജിംഗ് കമ്മിറ്റി NESTT |
| 11 | – | CML – രൂപതാവാർഷികം, രൂപതാകൗൺസിൽ, |
| | | പ്രവർത്തനവർഷ ഉദ്ഘാടനം, NESTT |
| 12 | – | KCYM – അർദ്ധവാർഷിക കൗൺസിൽ |
| 14 | – | MD – രൂപതാഎക്സിക്യൂട്ടീവ് |
| 15–17 | – | FAP- Pre-Marriage Course |
| 17–19 | – | CML- നേതൃത്വപരിശീലന ക്യാമ്പ്, NESTT |
| 19–23 | – | Eparchial Assembly |
| 19 | – | KCYM – YOUCAT Quiz മത്സരം ഫൊറോനതലം |
| 25 | – | MD – ജപമാലദിനം, യൂണിറ്റ് ഭാരവാഹികളുടെ കൂട്ടായ്മ NESTT |

## ആഗസ്റ്റ് 2015

2 - CML - ശാഖാ സാഹിത്യ മത്സരം
4 - KCYM-വിയാനി ഡേ (വികാരിയച്ചനോടൊപ്പം യൂണിറ്റിൽ)
5-7 - FAP-Pre-Marriage Course
8 - CML - ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്
" - " - കുഞ്ഞേട്ടൻ അനുസ്മരണം ശാഖകളിൽ
9 - KCYM - രൂപതാതലം YOUCAT ക്വിസ് മത്സരം
11 - MD - രൂപതാഎക്സിക്യൂട്ടീവ്
11-12 - Young Prierts' Seminar NESTT
14 - CML - രൂപതാസാഹിത്യ മത്സരം
" - KCSL - ആനിമേറ്റേഴ്സ് മീറ്റ്
15-16 - KCYM - Youlit (ഒന്നര ദിവസത്തെ യുവജനകൺവെൻഷൻ ക്ലാസ്സ് : സൈബർ കുറ്റകൃത്യങ്ങൾ)
19-21 - FAP- Pre-Marriage Course
21-24 - KCSL- പഠനാനുഭവധ്യാനം SSLC വിദ്യാർത്ഥികൾക്കായി, NESTT
30 - KCYM - കോതമംഗലം ഫൊറോനയുടെ നേതൃത്വത്തിൽ രൂപത ഒരുക്കുന്ന കലാദിനം (കോതമംഗലം, ഊന്നുകൽ, ഫൊറോനകൾ)

## സെപ്തംബർ 2015

2-4 - FAP-Pre-Marriage Course
5 - CML - മേഖലാ കലാമത്സരം, മേഖലാകേന്ദ്രങ്ങളിൽ
6 - KCYM - "കാരുണ്യതീരത്ത്" (അനാഥാലയ സന്ദർശനം രൂപതാസമിതി)
12 - FAP- ഹോം മിഷൻ ട്രെയിനിംഗ് പ്രോഗ്രാം
" - CAT - കോൺടാക്ട് ക്ലാസ്സ് Std. XI, XII - NESTT
12 - CML - സാഹിത്യ പ്രതിഭാ സംഗമം
13-18, 20-25 - വൈദികരുടെ വാർഷികധ്യാനം, NESTT
20 - KCYM - ഷട്ടിൽ ടൂർണ്ണമെന്റ് ഇടവകതലത്തിൽ (ബോബി എം. പാലയ്ക്കൽ അനുസ്മരണാർത്ഥം)
21 - CML - സംസ്ഥാന സാഹിത്യമത്സരം, നിർമ്മല സ്കൂൾ, മൂവാറ്റുപുഴ
KCSL - രൂപതാസാഹിത്യോത്സവം, നിർമ്മല സ്കൂൾ, മൂവാറ്റുപുഴ
24 - KCYM - മൂവാറ്റുപുഴ ഫൊറോനയുടെ നേതൃത്വത്തിൽ രൂപത ഒരുക്കുന്ന കലാദിനം, ലിറ്റിൽഫ്ളവർ സ്കൂൾ, മൂവാറ്റുപുഴ - (വാഴക്കുളം, മൂവാറ്റുപുഴ, ആരക്കുഴ, പൈങ്ങോട്ടൂർ, മൈലക്കൊമ്പ് ഫൊറോനകൾ)
" - CML - രൂപതാ കലാമത്സരം, മൂവാറ്റുപുഴ
25 - KCSL - ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് രൂപതാതലം
27 - CAT - ലോഗോസ് ക്വിസ്-രൂപതാ തലം 2.00 - 3.30 pm
29 - Presbyteral Council, Bishop's House



## ഒക്ടോബർ 2015

1 - CML - വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, അംഗത്വസ്വീകരണം- ശാഖകളിൽ നവീകരണം
2 - MD + FAP - ജൂബിലി ദമ്പതീ സംഗമം, NESTT
3 - CML-ചെറുപുഷ്പ മിഷൻലീഗിന്റെ 68-ാം സ്ഥാപകദിനം, പതാകദിനം
7-9 - FAP-Pre-Marriage Course
11 - KCYM - സമർപ്പിതസംഗമം (സന്യാസവൈദികർ, സിസ്റ്റേഴ്സ് എന്നിവരുടെ സംഗമം)
" - CAT - ഒന്നാം സെമസ്റ്റർ പരീക്ഷ
18 - KCYM - ഷട്ടിൽ ടൂർണമെന്റ് രൂപതാതലം
" - CML - മിഷൻ ഞായർ
" - CAT - അദ്ധ്യാപകക്വിസ് - ഇടവകതലം
21-23 - FAP- Pre-Marriage Course
21- 24 - KCYM പ്രകൃതി പഠന ക്യാമ്പ് (തട്ടേക്കാട്)
22 - സമർപ്പിതസംഗമം, കോതമംഗലം രൂപത, സെന്റ് ജോർജ് കത്തീഡ്രൽ
24 - CML - പ്രതിഭാ സംഗമം

## നവംബർ 2015

1 - CAT - വിശ്വാസപരിശീലകദിനം
4-6 - FAP- Pre-Marriage Course
10 - CML - ജപമാലസൈന്യസംഗമം
" - MD - രൂപത എക്സിക്യൂട്ടീവ്
" - KCYM - തൊടുപുഴ ഫൊറോനയുടെ നേതൃത്വത്തിൽ രൂപത ഒരുക്കുന്ന കലാദിനം (കാളിയാർ, തൊടുപുഴ, കരിമണ്ണൂർ, മുതലക്കോടം, മാറിക ഫൊറോനകൾ)
14 - FAP- രൂപതാകൗൺസിൽ
" - KCYM - അവിവാഹിതരായ യുവജനങ്ങളുടെ ഏകദിനകൂട്ടായ്മ
" - CML - സംസ്ഥാന കലോത്സവം
" - CAT - പ്രതിഭാസംഗമം
18-20 - FAP- Pre-Marriage Course
21 - MD - സമർപ്പിതദിനാചരണം
22 - CML - രൂപതാ മാനേജിംഗ് കമ്മിറ്റി
28, 29 - CAT - ലോഗോസ് ക്വിസ് സംസ്ഥാനതലം
30 - CML - കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസമത്സരം രൂപതയിൽ സമർപ്പിക്കേണ്ട അവസാന തീയതി
" - KCSL ശാഖാ റിപ്പോർട്ട് ഏല്പിക്കേണ്ട അവസാന തീയതി

## ഡിസംബർ 2015

2-4 - FAP- Pre-Marriage Course
4 - KCSL - കെ.സി.എസ്.എൽ. ദിനാഘോഷം

8 – MD – രൂപതാഎക്സിക്യൂട്ടീവ്
12 – FAP സെമിനാർ – ഫൊറോന ഭാരവാഹികൾക്കായി
" – CAT – അദ്ധ്യാപക ക്വിസ് – രൂപതാതലം
15 – Presbyteral Council
16–18 – FAP- Pre-Marriage Course
19 – Pastoral Council
21 – MD – ക്രിസ്തുമസ് ആഘോഷം
26, 27 – KCYM – വാർഷിക കൗൺസിൽ
31 – CML–ആൽബം രൂപതയിൽ സമർപ്പിക്കേണ്ട അവസാന തീയതി

### ജനുവരി 2016

3,10,17,24 – KCYM– ഫൊറോന കൗൺസിലുകൾ ഫൊറോനതലത്തിൽ
8–9 – KCSL– സംസ്ഥാന കലോത്സവം, സംസ്ഥാന വാർഷികം
12 – MD – രൂപതാഎക്സിക്യൂട്ടീവ്
26 – CML – ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

### ഫെബ്രുവരി 2016

9 – Presbyterium, NESTT
– MD – രൂപതാഎക്സിക്യൂട്ടീവ്
13 – CAT – കോൺടാക്റ്റ് ക്ലാസ് XI, XII
14 – KCYM – "കാരുണ്യതീരത്ത്" (രൂപതാ ഭാരവാഹികളുടെ അനാഥാലയസന്ദർശനം)
" – CML – ചെറുസൂനം ക്വിസ് ശാഖാതലത്തിൽ
" – CML – SSLC, +2 പരീക്ഷ എഴുതുന്ന കുട്ടികൾക്കായുള്ള പ്രാർത്ഥനാദിനം

### മാർച്ച് 2016

28–31 – CAT – വിശ്വാസോത്സവം

### ഏപ്രിൽ 2016

1 – CML – ചെറുസൂനം ക്വിസ് രൂപതാതലത്തിൽ
2 – CAT – രണ്ടാം സെമസ്റ്റർ പരീക്ഷ
3–6 – CML – UP വിഭാഗം ധ്യാനം
5 – CAT – സ്കോളർഷിപ്പ് പരീക്ഷ IV, VII, X
7–10 – CML – HS, HSS വിഭാഗം ധ്യാനം
12 – Presbyteral Council
15 – CML – കയ്യെഴുത്ത് മാസികയും, ശാഖാ റിപ്പോർട്ടും മേഖലയിൽ ഏല്പിക്കേണ്ട അവസാന തീയതി
16 – Parstoral Council
21 – Diocesan Gathering - Greetings to Bishops, NESTT
27–29 – CML – HS, HSS വിഭാഗം ധ്യാനം



30 – CML–ശാഖാ, മേഖലാ റിപ്പോർട്ടും കയ്യെഴുത്ത് മാസികയും, രൂപതയിൽ ഏല്പിക്കേണ്ട അവസാന തീയതി

### മെയ് 2016

13–14 – CML – രൂപതാമാനേജിംഗ് കമ്മിറ്റി, രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പ്
22 – CAT- HM & Staff Secretary Meeting
29 – CAT – സൺഡേ സ്കൂൾ പ്രവർത്തനാരംഭം, പ്രവേശനോത്സവം

### *Pr C. 3/2015* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on **Tuesday, 9 June 2015 from 10.00 am to 01.00 pm** at Bishop's House. The members are cordially invited.

*Secretary*

### *PC. 3/2015* പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്, 2015 മെയ് 15 വെള്ളി

രൂപത അജപാലന സമിതിയുടെ 2015-ലെ പ്രഥമ സമ്മേളനം മെയ്മാസം 15-ാം തീയതി വെള്ളിയാഴ്ച രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്പ്സ് ഹൗസിൽ കൂടി. യോഗത്തിൽ 96 പേർ പങ്കെടുത്തു.

അഡ്വ. റൈജു വർഗീസ് നയിച്ച പ്രാർത്ഥനയോടെ രാവിലെ 10 മണിക്ക് യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് പെ. ബഹു. മോൺ. ഫ്രാൻസിസ് ആലപ്പാട്ട് ഏവരേയും സ്വാഗതം ചെയ്തു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. അഭിവന്ദ്യ പിതാവ് ആമുഖപ്രഭാഷണം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ ഏവരും സജീവമായി പങ്കുചേർന്നു.

തിരുനാളുകളിലും ആഘോഷങ്ങളിലും ആർഭാടം ഒഴിവാക്കുവാൻ യോഗാദ്ധ്യക്ഷൻ ഏവരെയും ആഹ്വാനം ചെയ്തു. തിരുനാളിനോടനുബന്ധിച്ച് നടക്കുന്ന നേർച്ച സദ്യകൾ ലളിതമാക്കണമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. പച്ചക്കറികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നത് അഭികാമ്യമാണെങ്കിലും നേർച്ചസദ്യക്ക് സമ്പൂർണ്ണമാംസവർജ്ജനം എന്ന ആശയം ചില ബാഹ്യശക്തികളുടെ സമ്മർദ്ദങ്ങൾക്ക് സഭ വഴങ്ങുന്നു എന്ന പ്രതീതിയുളവാക്കുമെന്നതിനാൽ ഓരോ ഇടവകയുടെയും സാഹചര്യമനുസരിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുകയാണ് വേണ്ടതെന്ന അഭിപ്രായം ഉണ്ടായി.

വൈദികരുടെ സ്ഥലംമാറ്റത്തോടനുബന്ധിച്ച് വില കൂടിയ സമ്മാനങ്ങൾ നല്കുന്ന രീതിയും ചർച്ചാവിഷയമായി. വിലകൂടിയ സമ്മാനങ്ങൾ നല്കുന്ന രീതി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ലെന്നും ഇക്കാര്യത്തിൽ വൈദികർതന്നെയാണ് തീരുമാനം എടുക്കേണ്ടതെന്നും യോഗം അഭിപ്രായപ്പെട്ടു. സ്ഥലംമാറ്റത്തോടനുബന്ധിച്ച് വിലകൂടിയ

സമ്മാനങ്ങൾ നല്കേണ്ടതില്ല എന്നതാണ് രൂപതയുടെ പൊതുവായ നയം എന്ന് അഭിവന്ദ്യപിതാവ് വിശദീകരിച്ചു.

സമർപ്പിതവർഷത്തിൽ സമർപ്പിതരുടെ സേവനങ്ങളെ പ്രത്യേകം അനുസ്മരിക്കണമെന്നും സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കണമെന്നും അഭിവന്ദ്യപിതാവ് ഉദ്ബോധിപ്പിച്ചു. കുടുംബങ്ങളിൽ ആത്മീയമായ അന്തരീക്ഷം വളർത്തുകയും വിശ്വാസപരിശീലനത്തിൻ മാതാപിതാക്കൾ പ്രത്യേകം താല്പര്യമെടുക്കുകയും വേണം. ചെറുപ്രായത്തിൽതന്നെ സമർപ്പിത ദൈവവിളിയോട് ആഭിമുഖ്യം വളർത്തുന്ന ശൈലികൾ കുടുംബങ്ങളിൽ പ്രോത്സാഹിപ്പിക്കണം. സന്യസ്തർക്കും വൈദികർക്കുമെതിരെ ബോധപൂർവം നടത്തുന്ന പ്രചരണങ്ങളുടെ പൊള്ളത്തരം തിരിച്ചറിയുകയും അനാവശ്യമായ വിമർശനങ്ങൾ കുടുംബങ്ങളിൽ ഒഴിവാക്കുകയും വേണം. ഈ വിധത്തിൽ സമർപ്പിതദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും ക്രൈസ്തവ കുടുംബങ്ങൾക്ക് കടമയുണ്ടെന്നും അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു.

എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലകളിലൂടെ കടന്നുപോകുന്ന അങ്കമാലി-ശബരിപാത പൂർത്തിയാക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് യോഗം പ്രമേയം പാസ്സാക്കി. ഇത് സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക പരിഹരിച്ച് പദ്ധതി നടപ്പിലാക്കുകയോ ഇല്ലെങ്കിൽ ഈ പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കുകയോ ചെയ്യണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ജൂലൈ 19 മുതൽ 23 വരെ നടക്കുന്ന എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുക്കുവാനുള്ള 15 അല്മായ പ്രതിനിധികളെയും 5 പകരക്കാരെയും തിരഞ്ഞെടുത്തു. അഡ്വ. ജോണി നെല്ലൂർ, ശ്രീ. ഫ്രാൻസീസ് ജോർജ്, അഡ്വ. ബിജു പറയന്നിലം, പ്രൊഫ. ജോസ് വടക്കേക്കുടി, ശ്രീ. ജോസഫ് മൂലശ്ശേരിൽ, ശ്രീ. രാജേഷ് പിട്ടാപ്പിള്ളിൽ, അഡ്വ. അബ്രാഹം ജോസഫ് തോട്ടുപുറം, ശ്രീ. മാത്യു സ്റ്റീഫൻ വട്ടക്കാട്ട്, ശ്രീ. എൻ.സി. ലൂക്കാച്ചൻ നമ്പ്യാപറമ്പിൽ, ശ്രീ. സാബു ജോസ് പൊതൂർ, ശ്രീമതി ആനി ജോസ് ഇളയിടം, ശ്രീമതി റോസമ്മ ജോർജ്ജ്, ശ്രീമതി ലിസ്സി ജോളി തെന്നാന, ശ്രീമതി മേരിക്കുട്ടി അഗസ്റ്റിൻ എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ. പകരക്കാരായി തിരഞ്ഞെടുക്കപ്പെട്ടവർ ശ്രീ. ജോർജ് മാത്യു അമ്പാട്ട്, ശ്രീ. പ്രജീഷ് സി. മാത്യു ചിമ്മിനിക്കാട്ട്, ശ്രീ. ജോസ് മാത്യു കൊട്ടൂപ്പിള്ളിൽ, ശ്രീമതി ഡെൽസി ലൂക്കാച്ചൻ നമ്പ്യാപറമ്പിൽ, ശ്രീമതി മോളി തോമസ് കാക്കനാട്ട് എന്നിവരാണ്.

രൂപതാകേന്ദ്രത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം ഇടവകയിലേക്ക് വികാരിയായി പോകുന്ന പ്രോട്ടോ



സിഞ്ചെല്ലൂസ് പെ. ബഹു. മോൺ. ഫ്രാൻസിസ് ആലപ്പാട്ട്, പ്രൊക്കുറേറ്റർ പെ. ബ. മാത്യൂസ് മാളിയേക്കൽ അച്ചൻ, രൂപതാ വിദ്യാഭ്യാസ സെക്രട്ടറി ബ. കുര്യാക്കോസ് കൊടകല്ലിൽ അച്ചൻ എന്നിവർക്കും നിർമ്മലാ ഹൈസ്കൂൾ പ്രിൻസിപ്പലായി പോകുന്ന ബ. പോൾ ചൂരത്തൊട്ടിയച്ചനും കത്തീഡ്രൽ വികാരി പെ. ബ. തോമസ് പെരിയപ്പുറം അച്ചനും ഫൊറോന വികാരിസ്ഥാനത്തുനിന്നു മാറുന്ന പെ. ബ. ജോൺ ആനിക്കോട്ടിൽ, തോമസ് പോത്തനാമുഴി, ജോൺ മുരിങ്ങമറ്റം, ജോൺ ഇളഞ്ഞേടം, ജോസഫ് കോയ്ത്താനത്ത്, ജോസ് മോനിപ്പിള്ളി, സ്റ്റനിസ്ലാവൂസ് കുന്നേൽ എന്നീ വൈദികർക്കും അഭിവന്ദ്യ പിതാവ് പ്രാർത്ഥനാപൂർവകമായ ആശംസകൾ നേരുകയും കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

സിഞ്ചെല്ലൂസ് പെ. ബ. മോൺ. ജോർജ് ഓലിയപ്പുറം ഏവർക്കും കൃതജ്ഞതയർപ്പിച്ചു. ഉച്ചയ്ക്ക് ഒരു മണിയോടെ യോഗം സമാപിച്ചു.

*Secretary*

## മൈനർ സെമിനാരി

*MS 18 /2015* **Talent Scan**

മൈനർ സെമിനാരിക്കാർക്കായി മദ്ധ്യവേനൽ അവധിക്കാലത്ത് നടത്താറുള്ള ടാലന്റ് സ്കാൻ മെയ് 11, 12 തീയതികളിൽ നടന്നു. സി. ആൻസി FCC 'Personality development and personal hygiene എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

*MS 19 /2015* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | Jerin Nellikattil, Muttathupara | 1000 |
| 2 | Joy Varghese, Mudekkal, Muvattupuzha | 12,000 |
| 3 | St. Sebastian's Church, Pannimattam | 10,000 |
| 4 | Mathrudeepthy, Pothanicad | 3,000 |
| 5 | CML, Pothanicadu | 2,000 |
| 6 | Sebastian Ouseparambil, Thodupuzha East | 4,000 |
| 7 | George Parankimyalil, Nellimattam | 5,000 |
| 8 | Fernandas Chundattu, Velielchal | 5,000 |
| 9 | Syro Malabar Catholic Church of Goa | 15,000 |
| 10 | St. Agustine's Church, Kalloorkad | 50,000 |
| 11 | Fr. Jacob Pallivathukal | 50,000 |
| 12 | MSJ Provincial House | 10, 000 |

*Rector*

## വിജ്ഞാനഭവൻ

*V. 45/2015* **വിശ്വാസപരിശീലകരുടെ രൂപതാകൺവെൻഷൻ ജൂൺ -13 ശനി**

രൂപതയിലെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ **ജൂൺ 13 ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് നടക്കുന്നു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ബഹു. വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും ഹെഡ്മാസ്റ്റർമാരെയും വിശ്വാസപരിശീലകരെയും രൂപതാ കൺവെൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു.

**മികച്ച സൺഡേ സ്കൂളുകൾക്കുള്ള സമ്മാനങ്ങളും അദ്ധ്യാപക ക്വിസിനുള്ള സമ്മാനങ്ങളും തദവസരത്തിൽ വിതരണം ചെയ്യുന്നതാണ്.**

*V.46/2015* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പൂരിപ്പിച്ച് ജൂൺ 13-ാം തീയതി രൂപതാ കൺവൻഷന് വരുമ്പോൾ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സ്റ്റേറ്റ്മെന്റിൽ ഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർക്കുന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കുവാനും ശ്രദ്ധിക്കുമല്ലോ.

*V. 47/2015* **പ്രൈവറ്റ് രജിസ്ട്രേഷൻ**

സൺഡേസ്കൂൾ പഠനത്തിന് പ്രൈവറ്റ് രജിസ്ട്രേഷൻ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തുക. XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ സെപ്തംബർ മാസത്തിലും ഫെബ്രുവരി മാസത്തിലും മൂവാറ്റുപുഴ NESTT -ൽ നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന കാര്യം ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർമാർ രജിസ്ട്രേഷന് വരുന്ന കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ.

**ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:**

1 പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. പുസ്തകത്തിന്റെ വിലയും പരീക്ഷാഫീസും കോൺടാക്റ്റ് ക്ലാസിന്റെ ഫീസും ഇതിൽ ഉൾപ്പെടുന്നു.

2 11-ാം ക്ലാസിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 10-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും 12-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 11-ാം ക്ലാസ്സിലെ മാർക്കുലിസ്റ്റിന്റെ



കോപ്പിയും അപേക്ഷാഫോറത്തോടൊപ്പം നൽകേണ്ടതാണ്. ഇവ നൽകാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

3 A,B ലിസ്റ്റിൽ ഇവരുടെ പേര് പ്രത്യേകം എഴുതിച്ചേർത്ത് റിമാർക്ക് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

4 പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരല്ലാതെ ആരെങ്കിലും വേദപാഠക്ലാസ്സിൽ പതിവായി വരാതിരുന്നാൽ അവരെ ഒരു കാരണവശാലും പരീക്ഷ എഴുതിക്കുവാൻ പാടുള്ളതല്ല.

5 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരും 12-ൽ പ്രൈവറ്റായി പരീക്ഷയെഴുതുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI - 2015 സെപ്തംബർ 12 ശനി
XII - 2015 സെപ്തംബർ 12 ശനി

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

XI - 2016 ഫെബ്രുവരി 13 ശനി
XII - 2016 ഫെബ്രുവരി 13 ശനി

സ്ഥലം : NESTT, Muvattupuzha
സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

NB. രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

*V. 48/2015* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

മുൻവർഷത്തേതുപോലെ ഈ വർഷവും കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 10 രൂപയാണ്. ജൂലൈ 31-ാം തീയതിക്ക് മുമ്പ് ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 49/2015* **Admission Register, Classwise Register, Attendance Book, Bag etc...**

പുതിയ രജിസ്റ്ററുകൾ ഉപയോഗിച്ച് തുടങ്ങാത്തവർ ഈ അദ്ധ്യയനവർഷം മുതൽ ഇവ ഉപയോഗിച്ച് തുടങ്ങേണ്ടതാണ്. രജിസ്റ്ററുകൾ വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്.

| | | |
|---|---|---|
| Admission register | - | 150 |
| Classwise register (P. 50) | - | 60 |

| | | |
|---|---|---|
| Classwise register (P. 30) | - | 50 |
| Classwise register (P. 20) | - | 40 |
| Certificate book | - | 10 |
| Attendance book | - | 5 |
| T.C. Form (book) | - | 30 |
| Application form | - | 20 |
| Teachers' attendance | - | 40 |
| Sunday School bag | - | 30 |

*V. 50/2015* **പുസ്തക വിതരണം**

ഈ അദ്ധ്യയനവർഷത്തിലെ സൺഡേ സ്കൂൾ പുസ്തകങ്ങളുടെ വിതരണം ആരംഭിച്ചുകഴിഞ്ഞു. റഗുലർ സ്കൂളുകളിലേക്കുള്ള വേദപാഠം, മോറൽ സയൻസ് പുസ്തകങ്ങളുടെയും വിതരണം ജൂൺ 1 മുതൽ ആരംഭിക്കുന്നതാണ്. ഓർഡർ ചെയ്തിരിക്കുന്ന സൺഡേ കാറ്റിക്കിസം, സ്കൂൾ കാറ്റിക്കിസം, മോറൽസയൻസ് പുസ്തകങ്ങൾക്ക് ജൂൺ 20 വരെ 3% കമ്മീഷൻ ലഭിക്കുന്നതാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾ മുഴുവൻ വിലയും നൽകി വാങ്ങേണ്ടതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. പുസ്തകങ്ങളുടെ വില താഴെ ചേർക്കുന്നു. **പുസ്തകം വാങ്ങാൻ വരുന്നവർ മുൻകൂട്ടി ഫോൺ വിളിച്ച് അറിയിച്ചാൽ തിരക്ക് ഒഴിവാക്കാൻ സാധിക്കും. ഫോൺ. 9495843287**

| Std. | Sunday School Mal. | Sunday School Eng. | Reg. School Cat. | Moral Science Mal. | Moral Science Eng. |
|---|---|---|---|---|---|
| I | 25 | 35 | 25 | 35 | 45 |
| II | 25 | 35 | 25 | 35 | 45 |
| III | 25 | 35 | 25 | 35 | 45 |
| IV | 25 | 35 | 25 | 35 | 45 |
| V | 30 | 40 | 25 | 40 | 45 |
| VI | 30 | 40 | 25 | 40 | 45 |
| VII | 30 | 40 | 25 | 40 | 45 |
| VIII | 30 | 40 | 20 | 40 | 45 |
| IX | 30 | 40 | 20 | 40 | 50 |
| X | 30 | 40 | 20 | 40 | 50 |
| XI | 30 | 40 | - | 30 | |
| XII | 30 | 40 | - | 30 | |

*V. 51/2015* **അദ്ധ്യാപക സഹായി**

സൺഡേ സ്കൂൾ അദ്ധ്യാപകർക്കായുള്ള അദ്ധ്യാപക സഹായി വിജ്ഞാനഭവൻ ഓഫീസിൽ നിന്നും ലഭ്യമാണ് (Std. 1-10).



*V. 52/2015* **ലോഗോസ് ക്വിസ് 2015**

വി. ഗ്രന്ഥം പഠിക്കുവാൻ KCBC ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലോഗോസ് ക്വിസ് ഈ വർഷവും നടത്തപ്പെടുന്നു. ഓരോ ഇടവകയിൽനിന്നും വിവിധ പ്രായക്കാരായ ആളുകളെ പങ്കെടുപ്പിക്കുന്നതോടൊപ്പം Std. V -ന് മുകളിലോട്ടുള്ള എല്ലാ കുട്ടികളെയും ഈ പഠനത്തിലും പരീക്ഷയിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സാധിക്കുന്നിടത്തോളം എല്ലാ വിശ്വാസപരിശീലകരും ഇതിൽ പങ്കുചേരേണ്ടതാണ്. ഞായറാഴ്ചകളിൽ വചനശുശ്രൂഷയ്ക്കിടയിലും കുടുംബകൂട്ടായ്മകളിലൂടെയും ലോഗോസ് ക്വിസിന് കൂടുതൽ പ്രചാരം കൊടുക്കുവാനും മുതിർന്ന ആളുകളെ കൂടുതലായി ഈ നല്ല സംരംഭത്തിൽ പങ്കാളികളാക്കുവാനും ബഹു. വികാരിയച്ചന്മാർ താൽപര്യമെടുക്കുന്നത് ഉചിതമായിരിക്കും.

ഈ വർഷവും ലോഗോസ് ക്വിസ് പരീക്ഷക്ക് ഓൺലൈൻ രജിസ്ട്രേഷൻ തന്നെയാണ് നടത്തേണ്ടത്. ഇതുസംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക.

1) ശ്രീ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ 9447828373
2) ശ്രീ. ജോസഫ് പന്തപ്ലാക്കൽ 9446110044

**പങ്കെടുക്കുന്നവരെ ആറ് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

A വിഭാഗം -01-01-2004 -ന് ശേഷം ജനിച്ചവർ
B വിഭാഗം - 01-01-1999 -നും 31-12-2003-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം -01-01-1984 -നും 31-12-1998-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം -01-01-1964 -നും 31-12-1983-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 01-01-1951 -നും 31-12-1963-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31-12-1950 -നു മുമ്പ് ജനിച്ചവർ

രജിസ്ട്രേഷൻ നിർബന്ധമായും മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മുൻവർഷത്തേപ്പോലെ ഈ വർഷവും Online - Registration ആണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. രജിസ്ട്രേഷൻ ജൂൺ 1-ാം തീയതി ആരംഭിച്ച് ജൂലൈ 31-ാം തീയതി അവസാനിക്കുന്നതായിരിക്കും.

രജിസ്ട്രേഷൻ ഫീസ് 10 രൂപ.

മത്സരത്തിനുള്ള പാഠഭാഗങ്ങൾ:

**1) സംഖ്യ 1-10; 2) സുഭാഷിതങ്ങൾ 1-9;**
**3) വി. യോഹന്നാൻ 1-12; 4) യൂദാസിന്റെ ലേഖനം**

പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിളും, ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്.

**രൂപതാതലം - 2015 സെപ്റ്റംബർ 27**
**പരീക്ഷാ സമയം ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30**
**സംസ്ഥാനതല മത്സരം - 2015 നവംബർ 28, 29**

**സമ്മാനങ്ങൾ :**

**ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധ നാട് തീർത്ഥാടനം**

**അഖിലകേരളതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം - 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
4-ാം സമ്മാനം - 1000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഒരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 500 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ സംസ്ഥാനതലപരീക്ഷയിൽ പങ്കെടുക്കുന്ന ബാക്കി എല്ലാവർക്കും (450-50=400) ലഭിക്കുന്നതാണ്.

**രൂപതാതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 2000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 1500 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
5-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 3 പേർക്ക് വീതം.

★ 90-നും-100-നും ഇടയ്ക്കും 80-നും-89-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന എല്ലാ പ്രായവിഭാഗക്കാർക്കും KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹനസമ്മാനങ്ങളും.

★ 60-നും 69-നും ഇടയ്ക്കും 70-നും 79-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹനസമ്മാനങ്ങളും നല്കുന്നതാണ്.

★ 70-നും 79-നും ഇടയ്ക്ക് മാർക്കുവാങ്ങുന്ന B, C, D, E, F പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

★ ഏറ്റവും കൂടുതൽ സിസ്റ്റേഴ്സ് പങ്കെടുക്കുന്ന കോൺഗ്രിഗേഷന് സമ്മാനം.

★ ഇടവകാംഗങ്ങളുടെ മൊത്തം എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.

★ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.

★ അഞ്ചാം ക്ലാസ്സ് മുതലുള്ള എല്ലാ കുട്ടികളും പങ്കെടുക്കുന്ന ഇടവകയ്ക്ക് (ഇവിടെ നല്കുന്ന സ്റ്റേറ്റുമെന്റ് പ്രകാരം) പ്രത്യേക സമ്മാനം.

★ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന സൺഡേ സ്കൂൾ അധ്യാപകർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**പ്രത്യേകം ശ്രദ്ധിക്കുക:**

☞ 10 രൂപ നല്കി മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ആരെയും പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.

☞ രജിസ്ട്രേഷൻ നടത്തിയവർക്ക് പകരം പരീക്ഷയെഴുതുവാൻ ആർക്കും അനുവാദമില്ല.

☞ ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്ത സൺഡേസ്കൂൾ കുട്ടികളുണ്ടെങ്കിൽ അവരുടെ attendance register-ൽ അക്കാര്യം നോട്ട് ചെയ്യേണ്ടതാണ്.

☞ രണ്ട് ലിസ്റ്റുകൾ പ്രിന്റ് എടുത്ത് തരേണ്ടതാണ്.

☞ സൺഡേ സ്കൂൾ അദ്ധ്യാപകരുടെ പേരിന് നേരെ T എന്ന് ബ്രായ്ക്കറ്റിൽ ചേർക്കേണ്ടതാണ്.

☞ സിസ്റ്റേഴ്സിന്റെ പേരിനു നേരെ കോൺഗ്രിഗേഷൻ ഏതാണെന്ന് രേഖപ്പെടുത്തേണ്ടതാണ്. (അവസാനത്തെ രണ്ടു നിർദേശങ്ങൾ കൃത്യമായി പാലിക്കാത്തവരെ സമ്മാനത്തിന് പരിഗണിക്കുന്നതല്ല.)

For online registeration Visit www.logosquiz.org. / www.keralabiblesociety.com

## *V. 53/2015* Scholarship Exam Winners

2014-2015 വർഷത്തിലെ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. വിജയികളായവർക്ക് അനുമോദനങ്ങൾ നേരുന്നു.

### Std. IV - രൂപതാ വിജയികൾ

1 ക്രിസ്റ്റ ക്ലാര ജേക്കബ് പകലോമറ്റം, തൊടുപുഴ ഈസ്റ്റ്
2 ആനന്ദ് റിറ്റു ജോജൻ നെടുങ്കല്ലേൽ, തൊടുപുഴ ഈസ്റ്റ്
3 റ്റാനിയ സജി മാങ്കുഴയിൽ, കത്തീഡ്രൽ

### മേഖല വിജയികൾ

**കോതമംഗലം**

1 റ്റാനിയ സജി മാങ്കുഴയിൽ, കത്തീഡ്രൽ
2 പോൾവിൻ കെ. ജെ. കൊറ്റാഞ്ചേരിയിൽ, പൂയംകുട്ടി
3 അൽക്കമേരി തോമസ് വെളിയത്ത്, കത്തീഡ്രൽ

**മൂവാറ്റുപുഴ**

1 മാത്യൂസ് ജോണി ആനിക്കത്തോട്ടത്തിൽ, ആരക്കുഴ
2 അനറ്റ് ജോർജ് വലിയവീട്ടിൽ, മൂവാറ്റുപുഴ
3 ഹിൽഡ റോസ് വിൻസ്, മാപ്പലകയിൽ മൂവാറ്റുപുഴ

**വാഴക്കുളം**

1 ജെസ്ന ലെയ്സൺ താമരശ്ശേരിൽ, ആയവന
2 ആൻ ട്രീസ ബിജോ തറപ്പേൽ, വാഴക്കുളം
3 മരിയ ഫ്രാൻസീസ് കല്ലുങ്കൽ, വാഴക്കുളം

**തൊടുപുഴ**

1 ക്രിസ്റ്റ ക്ലാര ജേക്കബ് പകലോമറ്റം, തൊടുപുഴ ഈസ്റ്റ്
2 ആനന്ദ് റിറ്റു ജോജൻ നെടുങ്കല്ലേൽ, തൊടുപുഴ ഈസ്റ്റ്
3 ആൽബിൻ പ്രിൻസ് കല്ലുമഠത്തിൽ, കല്ലാനിക്കൽ

**മുതലക്കോടം**

1 ജോർജ് സുനി ബേബി മാറാട്ടിൽ, വാഴക്കാല
2 ബ്രിജീറ്റ് റോസ മാപ്ലശ്ശേരിൽ, വാഴക്കാല
3 റോസ് മേരി മാർട്ടിൻ വട്ടക്കാട്ടിൽ, പാറപ്പുഴ

**കരിമണ്ണൂർ**

1 ഏഞ്ചല ജിജി നടുക്കുടിയിൽ, ഉടുമ്പന്നൂർ
2 ജീവ് ജോ ജെയ്സൺ അറയ്ക്കൽ, തൊമ്മൻകുത്ത്
3 സീയോണ ആൻ ടോം കല്ലറയ്ക്കൽ, തൊമ്മൻകുത്ത്

**പൈങ്ങോട്ടൂർ**

